**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2531** **12-12-2022 - ൽ മറുപടിയ്ക്ക്**

**ഗുരുതര രോഗങ്ങൾ ബാധിച്ച എ.പി.എൽ. കുടുംബാംഗങ്ങൾക്ക് കിടപ്പാടം നൽകൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഗുരുതര രോഗങ്ങൾ ബാധിച്ച കുടുംബാംഗങ്ങൾ ഉള്ളവരുടെ റേഷൻ കാർഡുകൾ ചികിത്സാ ആവശ്യങ്ങൾക്ക് മാത്രമായി ബി.പി.എൽ. വിഭാഗത്തിലേക്ക് പരിവർത്തനം ചെയ്ത് നൽകുന്ന അതേ പരിഗണന ഗുരുതര മാരക രോഗങ്ങൾ ബാധിച്ചവരുള്ള എ.പി.എൽ. കുടുംബങ്ങൾക്ക് സർക്കാരിൽ നിന്നും കിടപ്പാടം ലഭിക്കുന്നതിന് കൂടി ബാധകമാക്കുന്ന കാര്യം പരിഗണിക്കാമോ; | (എ) | ലൈഫ് സമ്പൂർണ സുരക്ഷാപാർപ്പിട പദ്ധതിയുടെ ഭാഗമായി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി സർക്കാർ പുറപ്പെടുവിച്ച 31.07.2017 ലെ 151 /2017/തസ്വഭവ , 27.07.2020 ലെ 112/2020/തസ്വഭവ നമ്പർ ഉത്തരവുകളിൽ പ്രതിപാദിച്ചിട്ടുള്ള ക്ളേശഘടകങ്ങളിൽ ഗുരുതര/ മാരക രോഗമുള്ള (കാൻസർ/ഹൃദ്രോഗം/കിഡ്നി തകരാറ് മൂലം ഡയാലിസിസിന് വിധേയരാകുന്നവർ / പക്ഷാഘാതം മുതലായ) അംഗങ്ങളുള്ള കുടുംബങ്ങളെ പരിഗണിച്ചിട്ടുണ്ട്.<br><br>പി എം എ വൈ പദ്ധതിയിലും ഗുണഭോക്താവിന് ഗുരുതരമായ മാരക രോഗങ്ങൾ ബാധിച്ചിട്ടുണ്ടെങ്കിൽ എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ മുൻഗണന ലഭിക്കുന്നതാണ്. |
| (ബി) | സെറിബ്രൽ പാൾസി പോലുള്ള മാരക രോഗങ്ങൾ ബാധിച്ച കുട്ടികളുടെ ചികിത്സാർത്ഥം നിത്യവും ദൂരസ്ഥലങ്ങളിലേക്കും മറ്റും യാത്ര ചെയ്യേണ്ട സാഹചര്യത്തിൽ മറ്റ് മാർഗ്ഗങ്ങൾ ഇല്ലാതെ നാല് ചക്രവാഹനം സ്വന്തമാക്കേണ്ടിവരുന്ന കുടുംബങ്ങളെ മറ്റ് ക്ലേശ ഘടകങ്ങൾ കണക്കിലെടുത്ത് ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കാമോ എന്ന് വ്യക്തമാക്കാമോ? | (ബി) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം , 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതോടെ പൊതുവി തരണ സമ്പ്രദായത്തിൽ ബി.പി .എൽ, എ.പി.എൽ വിഭാഗങ്ങൾക്കു പകരമായി മുൻഗണനാ , മുൻഗണനേ തരവിഭാഗങ്ങളാണുള്ളത്.<br><br>റേഷൻ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡപ്രകാ രം,നാലുചക്രവാഹനം (ഉപജീവനമാ ർഗ്ഗമായ ടാക്സി ഒഴികെ) സ്വന്തമായുള്ളവർ, മുൻഗണനാ വിഭാ ഗത്തിൽപ്പെടാൻ അയോഗ്യരാണ്. ഇപ്രകാരം ഒഴിവാക്കൽ മാനദണ്ഡം ബാധകമായി വരുന്നതും എന്നാൽ ഗു രുതര ശാരീരിക/മാനസിക വെല്ലുവിളി കൾ നേരിടുന്ന വ്യക്തികൾ ഉൾപ്പെട്ടു ന്നതമായ കുടുംബങ്ങളെ , ഓരോ കേസി ന്റെയും മെരിറ്റ് പരിശോധിച്ച് ചി കിത്സാർത്ഥം മുൻഗണനാവിഭാ ഗത്തിലേക്ക് മാറ്റുന്നതിന് 27.10.2020 ലെ സ.ഉ(സാധാ)നം.319/2020/ ഭ.പൊ.വി.വ പ്രകാരം |

| | | | |
|---|---|---|---|
| | | | പൊതു വിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ